കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - പാന്തൂർ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയ ശ്രീ. ശ്രീകുമാർ. എസ്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA. 1942/2017 കേസിൽ 19.10.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയ്യ) വകുപ്പ്

സ.ഉ.(സാധാ) നം. 22/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.01.2018

പരാമർശം : 1) പാന്തൂർ നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ശ്രീകുമാർ. എസ്. സർക്കാരിൽ സമർപ്പിച്ച 07.10.2017-ലെ നിവേദനം.

2) ശ്രീ. ശ്രീകുമാർ. എസ് ബഹു. കേരളാ അഡ്മിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA. 1942/2017 ൽ 19.10.2017 തീയതിയിലുണ്ടായ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 01.12.2017 തീയതിയിലെ ഇ 5-36406/17 നമ്പർ കത്ത്.

ഉത്തരവ്

പാന്തൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ശ്രീകുമാർ എസ്. പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ ടിയാൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി ചെയ്ത വരവേ ആറ്റിങ്ങൽ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടു നൽകിയ അപേക്ഷ പരിഗണിച്ച് കരട് സ്ഥലംമാറ്റ പട്ടികയും ക്യൂ ലിസ്റ്റും പ്രസിദ്ധീകരിച്ച ശേഷം നഗരകാര്യ ഡയറക്ടർ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തിയില്ലായെന്നും എന്നാൽ തന്നേക്കാൾ ജൂനിയറായവരെ ആറ്റിങ്ങൽ നഗരസഭയിൽ നിയമിച്ചുവെന്നും അതിനാൽ ഒഴിവു വരുന്ന തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം ഭാഗത്ത് എവിടെയെങ്കിലുമുള്ള

നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ടിയാൾ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1942/17 ൽ 19.10.2017-ലെ വിധിയിൽ ടിയാന്റെ അപേക്ഷ സർക്കാർ പരിശോധിച്ച് ടിയാനെ നേരിൽകേട്ട്, 6 ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

2. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ അണ്ടർ സെക്രട്ടറി ശ്രീ. എസ്. ശ്രീകുമാറിനെ 15.12.2017 ന് നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട സമയത്തും ടിയാളുടെ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിലെ ആവശ്യങ്ങൾ ആവർത്തിക്കുകയുണ്ടായി.

3. ഇക്കാര്യത്തിലുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജോലി നോക്കി വരെവേ ശ്രീ. ശ്രീകുമാർ എസ്. ന് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതിനാൽ 05.05.2017-ൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുണ്ടായിരുന്ന പാന്തൂർ നഗരസഭയിൽ നിയമിച്ചു. 2017-18 കാലയളവിലെ ജീവനക്കാരുടെ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 23.02.2017 വരെയായിരുന്നു. എന്നാൽ ടി തീയതിയ്ക്കു ശേഷം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെക്കൂടി പരിഗണിക്കുന്നതിനായി പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 22.05.2017 വരെ നീട്ടി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ ക്ലൂലിസ്റ്റും കരട് സ്ഥലംമാറ്റ ഉത്തരവും പുറപ്പെടുവിച്ചു. ടി കരട് ഉത്തരവിൽ ശ്രീ. ശ്രീകുമാർ എസ്. നെ ആറ്റിങ്ങൽ നഗരസഭയിൽ നിർദ്ദേശിച്ചിരുന്നു. 25.02.2017 ലെ സ.ഉ.(പി) നം.03/2017/ഉഭവ നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് 28.02.2017-ന് ശേഷം ലഭിച്ച അപേക്ഷകരെ ഒഴിവാക്കി 06.10.2017-ൽ നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതിനാലാണ് ശ്രീ.ശ്രീകുമാർ എസ്.നെ കരട് ഉത്തരവിൽ ഉൾപ്പെട്ട സ്ഥലംമാറ്റം അനുവദിക്കാനാകാതെ പോയതെന്ന് അറിയിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ ഉത്തരവു പ്രകാരം പൊതു സ്ഥലംമാറ്റം നടത്തേണ്ടത് സമയബന്ധിതമായിട്ടായിരുന്നു. എന്നാൽ ആയത് നടപ്പാകാതെ വന്നപ്പോഴാണ് ഫെബ്രുവരി 28-നു മുമ്പ് ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ

പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചത്. ടി ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ഫെബ്രുവരി 28-നു ശേഷം സ്ഥാനക്കയറ്റം ലഭിച്ച സ്ഥലംമാറ്റം ലഭിച്ചവരെ പരിഗണിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് സാധിക്കാതെ വന്നു. സർക്കാർ നിർദ്ദേശം വന്നതോടെ നഗരകാര്യ ഡയറക്ടർ തയ്യാറാക്കിയ കരട് സ്ഥലംമാറ്റ തസ്തികാപട്ടികയ്ക്കും കൃലിസ്റ്റിനും സാധുത നഷ്ടപ്പെട്ടു.

5. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം പരാതിക്കാരനേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽകേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 9 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം ഭാഗത്ത് എവിടെയെങ്കിലുമുള്ള നഗരസഭയിൽ സ്ഥലംമാറ്റം വേണമെന്ന അപേക്ഷകന്റെ ആവശ്യം 2018 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുന്ന അവസരത്തിൽ, ഒഴിവിന്റേയും അർഹതയുടേയും അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. ട്രിബ്യൂണലിന്റെ പരാമർശം 2-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി. എസ്. സന്തോഷ്,
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. ശ്രീകുമാർ, എസ് ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, പാന്തൂർ നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ